(സി) സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോട് അനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ഡി) 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരുംകൂടി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. ഈ വർഷം (2015-16) വാർഷിക പദ്ധതി പ്രകാരം കൊല്ലത്തും മലപ്പുറത്തും പുതിയ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നു. തുടർന്ന് മറ്റ് ജില്ലകളിൽകൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടംഘട്ടമായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്.

കായത്തൊടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ

89 (4892) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

90 (4893) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly